രജിസ്റ്റേർഡ് എ/ഡി

ഭരണഭാഷ-മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം- 1

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

(നിലവിൽ: ജാസ്മിൻ ബി കെ.എ.എസ് )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം –ഹെഡ് ക്ലാർക്ക് തസ്തികയിൽഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1)27.07.2023 ലെ DT/3193/2023-A3 നമ്പറായ ഉത്തരവ്
2)23.08.2022 ലെ സ.ഉ (സാധ)നം.1268/2022-HEDN നമ്പറായ ഉത്തരവ്.
3)20.09.2023 ലെ സ.ഉ (സാധ)നം.1396/2023-HEDN നമ്പരായ ഉത്തരവ്
4)22.04.2016 ലെ A3/3309/2016-A3 നമ്പർ ഉത്തരവ്.

**********

**ഉത്തരവ് നമ്പർ: DT/5190/2023-A3 തീയതി: 27-11-2023**

പരാമർശം (1) പ്രകാരമുള്ള ഹെഡ് ക്ലാർക്ക് തസ്തികയുടെ സ്ഥാനക്കയറ്റ ഉത്തരവിൽ ശ്രീ.ശ്രീകാന്ത് ആർ, സീനിയർ ക്ലാർക്ക്, ഐ.ടി.ഐ ചാക്കയുടെ ഗ്രേഡേഷൻ ലിസ്റ്റിലെ ക്രമ നം. 352 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് 353 എന്ന് തിരുത്തിവായിക്കേണ്ടതാണ്.

പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ശ്രീമതി.ചിത്ര ലേഖ കെ.എസ്, പരാമർശം 2,3 ഉത്തരവുകൾ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിലെ നിയമനത്തിൽ തുടരുന്നതിന്റെ ഭാഗമായി വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.

ടി സാഹചര്യത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയുടെ മേൽപറഞ്ഞ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരമുള്ള സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന ഒരു സീനിയർ ക്ലാർക്കിന് KS&SSRs Part-2, Rule. 28(b)(ii) അനുസരിച്ച് 39300-83000 രൂപാ ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ | ഉദ്യോഗസ്ഥന്റെ പേര്, നിലവിലെ തസ്തിക, സ്ഥാപനം | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 354 | ശ്രീ.രാജേഷ് എം ,<br>സീനിയർ ക്ലാർക്ക് ,<br>ഐ.ടി.ഐ, മടിക്കൈ | ഐ.ടി.ഐ<br>ചെങ്ങന്നൂർ | |

ടി സ്ഥാനക്കയറ്റം OA(Ekm) No.1700/2022 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ അന്തിമവിധിക്ക് വിധേയമാണ്.

കോടതി ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിന്മേൽ സീനിയോരിറ്റി തർക്കം ഉന്നയിച്ചുകൊണ്ടുള്ള ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് വരുന്നതിനാൽ ഇക്കാര്യത്തിൽOA(Ekm) No.1700/2022 നമ്പർ പ്രകാരമുള്ള കേസിന്മേലുള്ള അന്തിമ വിധി ,

സീനിയോരിറ്റി സംബന്ധിച്ച പരാതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി പുന:ക്രമീകരിക്കേണ്ട സാഹചര്യമുണ്ടാകുമെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സ്ഥാനക്കയറ്റം പുന:പരിശോധിക്കുന്നതാണ്.

(ഒപ്പ് /-)

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

**സ്വീകർത്താവ്:**

ശ്രീ.രാജേഷ് എം,സീനിയർ ക്ലാർക്ക് ,ഐ.ടി.ഐ മടിക്കൈ (സ്ഥാപന മേധാവി മുഖാന്തിരം)

**പകർപ്പ് :**

പ്രിൻസിപ്പാൾ ഐ.ടി.ഐ മടിക്കൈ/ചെങ്ങന്നൂർ/സ്റ്റോക്ക് ഫയൽ

**//ഉത്തരവിൻ പ്രകാരം //**

സീനിയർ സൂപ്രണ്ട്